പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 705** **16.07.2012 - ൽ മറുപടിക്ക്**

**സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ അരി സംഭരണം**

| **ചോദ്യം** | **ഉത്തരം** |
| --- | --- |
| **ശ്രീ. സി. കൃഷ്ണൻ**<br>**ശ്രീ. എസ്. രാജേന്ദ്രൻ**<br>**ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ**<br>**ശ്രീ. വി. ചെന്താമരാക്ഷൻ** | **ശ്രീ. അനൂപ് ജേക്കബ്**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി)** |
| എ) മുൻ വർഷങ്ങളെ അപേക്ഷിച്ച് സിവിൽ സപ്ലൈസ് കോർപ്പറേഷൻ അരി സംഭരണം വെട്ടിക്കുറയ്ക്കുകയുണ്ടായോ; വിശദാംശം വെളിപ്പെടുത്താമോ; | എ) അരി സംഭരണം വെട്ടിക്കുറച്ചിട്ടില്ല. |
| ബി) ഇങ്ങനെ വെട്ടിക്കുറവ് വരുത്താനുള്ള കാരണം വ്യക്തമാക്കുമോ; ഇത് വിപണിയിൽ വിലക്കയറ്റത്തിന് കാരണമായിട്ടുണ്ടോ; | ബി) ബാധകമല്ല. |
| സ) മുൻ സർക്കാർ ആരംഭിച്ച 'അരിക്കട' പദ്ധതി വിപണിയിൽ അരിവില നിയന്ത്രിക്കുന്നതിന് സഹായകരമായിരുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; 'അരിക്കട' പദ്ധതി ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷവും തുടരുന്നുണ്ടോ; ഇതിന് സർക്കാർ പ്രത്യേക ധനസഹായം നൽകുന്നുണ്ടോ; എങ്കിൽ എന്ത് തുകയാണ് നൽകിയത്; | സി) അരിക്കട പദ്ധതി പൊതുവിപണിയിലെ അരിവില നിയന്ത്രിക്കുന്നതിന് സഹായകരമാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷവും പ്രസ്തുത പദ്ധതി മികച്ച രീതിയിൽ തുടർന്നുവരുന്നുണ്ട്. അരിക്കട പദ്ധതിയ്ക്കായി പ്രത്യേക ധനസഹായവും നൽകുന്നുണ്ട്. 2011-12 സാമ്പത്തിക വർഷത്തിൽ 1,64,33,547/- രൂപ അനുവദിയ്ക്കുകയുണ്ടായി. |

| | |
|---|---|
| ഡി) പൊതുവിപണിയിൽ അരിവില കുതിച്ചുയരുന്ന സാഹചര്യത്തിൽ കൂടുതൽ അരി സംഭരിച്ച് വിതരണം ചെയ്യുന്നതിന് സിവിൽ സപ്ലൈസ് കോർപ്പറേഷന് ആവശ്യമായ അധിക ഫണ്ട് നൽകാൻ നടപടി സ്വീകരിക്കുമോ? | ഡി) സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.